# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :583 — 10.07.2012-ൽ മറുപടിയ്ക്ക്

## കെ.എൽ.ജി.എസ്.ഡി.പി യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ലൂഡി ലൂയിസ്:<br>ശ്രീ.ഷാഫി പറമ്പിൽ:<br>ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.വി.റ്റി.ബൽറാം: | | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തുംസാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | കെ.എൽ.ജി.എസ്.ഡി.പി-യുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | അധികാര വികേന്ദ്രീകരണ പ്രക്രിയ വ്യവസ്ഥാപതമാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ വേൾഡ് ബാങ്ക് സഹായത്തോടെ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് കെ.എൽ.ജി.എസ്.ഡി.പി.<br>സംസ്ഥാനത്തെ ഗ്രാമപഞ്ചയാത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകുന്ന പെർഫോമൻസ് ഗ്രാന്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം, മോണിറ്ററിംഗ് സംവിധാനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കെ.എൽ.ജി. എസ്. ഡി. പി-യിൽ ഉൾപ്പെടുന്നു. |
| (ബി) | പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ധനസഹായമുൾപ്പെടെഎന്തെല്ലാം സഹായങ്ങൾനൽകുന്നുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സേവന പ്രധാന നിലവാരം മെച്ചപ്പെടുത്തുന്നതിനായി മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ധനസഹായമായി പെർഫോമൻസ് ഗ്രാന്റ് നൽകുന്നു. പ്രവർത്തന മികവ് ആധാരമാക്കി നൽകുന്ന പ്രസ്തുത ഗ്രാന്റ് മേഖലാ വിഭജനത്തിൽ ഉൾപ്പെടുത്താതെയാണ് നൽകുന്നത്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എന്ത് തുക നൽകുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ? | (സി) | 2011-12 വർഷം പെർഫോമൻസ് ഗ്രാന്റിനത്തിൽഗ്രാമപഞ്ചായത്തുകൾക്ക് 121.73 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 18 കോടി രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ